DESPATCHED
On. 16/3/22

9/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 2300(2)/2015/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 15988/എസ്.ഐ.സി-ജി6/2015)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അജിത് കുമാർ എസ്,
പ്രണവം,
ടി.സി 18/1818(1),
പ്ലാവിള, തിരുമല (പി.ഒ), തിരുവനന്തപുരം - 6. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി ഡയറക്ടർ(എഇ & പിഎച്ച്) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം - 1.
2. അപ്പീൽ അധികാരി & എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 1.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/06/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27/06/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15/07/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04/08/2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12/10/2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12/10/2015 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അജിത് കുമാർ എസ്, 12/10/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2300(2)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 03/06/2015 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 27/06/2015-ൽ നൽകിയ മറുപടിയിൽ വിവരാവകാശ നിയമ പ്രകാരം ടിയാൻ സമർപ്പിച്ച 10/10/2014-ലെ അപേക്ഷയിലെ ചോദ്യം നമ്പർ (2)-ൽ ആവശ്യപ്പെട്ട വിവരങ്ങൾ സമാഹരിച്ച് നൽകുന്നതിന് വിവരാവകാശ നിയമം വ്യവസ്ഥ ചെയ്യുന്നില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്(കേരളം) വകുപ്പിന്റെ വെബ്സൈറ്റിൽ (www.employmentkerala.gov.in) ലഭ്യമായ ടി വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ മേൽവിലാസത്തിൽ അപേക്ഷ നൽകാവുന്നതാണെന്നും, ടിയാന്റെ 10/10/2014-ലെ അപേക്ഷയിലെ ചോദ്യം നമ്പർ (2)-ന് ടി ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ അടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

4. 15/07/2015 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയ്ക്ക് മറുപടി നൽകിയത്, ടിയാന്റെ 10/10/2014-ലെയും, 03/06/2015-ലെയും അപേക്ഷകൾ വിശദമായി പരിശോധിച്ചതിൽ 10/10/2014-ലെ ചോദ്യം നമ്പർ (2) സംബന്ധിച്ച് ടിയാൻ നൽകിയ അപ്പീൽ അപേക്ഷ 01/01/2015-ലെ ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നുവെന്നും, 10/10/2014-ലെ ടിയാന്റെ ചോദ്യത്തിന് 27/06/2015-ൽ എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ലെന്നുമാണ്.

5. 05/11/2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം 10/10/2014-ന് സമർപ്പിച്ച അപേക്ഷയിലെ ചോദ്യം നമ്പർ 2 സംബന്ധിച്ച വിവരം നൽകുന്നതിന് ആവശ്യമായ സമയമാണ് 03/06/2015-ലെ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന

തെന്നും, ടിയാന്റെ 10/10/2015-ലെ ചോദ്യം നമ്പർ (2)-ലെ വിവരങ്ങൾ ടി ഓഫീസിനെയും ടി ഓഫീസിനു കീഴിലുള്ള സബ് ഓഫീസുകളെയും സംബന്ധിച്ചതായതിനാൽ ടി വിവരങ്ങൾ ക്രോഡീകരിക്കപ്പെട്ട നിലയിൽ ടി ഓഫീസിൽ ലഭ്യമല്ലാതിരുന്നതിനാലും ടി ഓഫീസിലെ വിവരങ്ങൾ മാത്രം നൽകികൊണ്ടും സബ് ഓഫീസുകളെ സംബന്ധിച്ച വിവരം ടി ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിനായി അറിയിച്ചുകൊണ്ടും 27/06/2015-ലെ ജെ1/28399/14 ഡിഇ നമ്പർ പ്രകാരം ടിയാന് കത്ത് നൽകിയിരുന്നുവെന്നും 04/08/2015-ലെ അപ്പീൽ അധികാരിയുടെ ജെ1/28399/14/ഡി.ഇ നമ്പർ ഉത്തരവിലെ 28/06/2015-ൽ ടി ഓഫീസിലെ ജെ1/28398/14/ഡിഇ നമ്പർ കത്തിലെ തീയതി 27/06/2015-നു പകരം 28/06/2015 എന്ന് നൽകിയത് സെക്ഷന് സംഭവിച്ച മന:പൂർവ്വ മല്ലാത്ത ഒരു പിശക് ആയിരുന്നുവെന്നും ഖേദപൂർവ്വം അറിയിച്ചുകൊള്ളുന്നു വെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, 02.02.2022ലെ റിപ്പോർട്ട് കമ്മീഷൻ അംഗീകരി യ്ക്കുകയും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു നൽകണമെന്ന് നിർദ്ദേശിയ്ക്കുന്നു. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 09-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV